ഇഇ2/17624/09.

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം
തിരുവനന്തപുരം.
തീയതി: 24/05/2010.

## സർക്കുലർ

വിഷയം: ജീവനകാര്യം - പൊതുമരാമത്ത് വകുപ്പ് - SLR/CLR/HR/വർക്കർ ജീവനക്കാർക്ക് സർട്ടിഫിക്കറ്റുകൾ നല്കുന്നത് സംബന്ധിച്ച്.

സൂചന:

പൊതുമരാമത്ത് വകുപ്പിലെ എസ്.എൽ.ആർ./സി.എൽ.ആർ./എച്ച്.ആർ./വർക്കർ ജീവനക്കാർക്ക് അസ്സൽ രേഖകൾ പരിശോധിക്കാതെയും മേലുദ്യോഗസ്ഥരുടെ അനുമതി ഇല്ലാതെയും അസിസ്റ്റന്റ് എഞ്ചിനീയർമാർ / അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ / എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തുടങ്ങിയവർ പലതരം സർട്ടിഫിക്കറ്റുകൾ നല്കി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ നൽകുന്ന സർട്ടിഫിക്കറ്റുകൾ ചിലർ കോടതിയിൽ അവകാശ വാദം ഉന്നയിക്കുന്നതിലേയ്ക്ക് തെളിവായി ഹാജരാക്കുകയും കോടതി വിധികളെത്തുടർന്ന് രേഖകൾ പരിശോധിക്കുമ്പോൾ പര്യാപ്തമായ രേഖകൾ ലഭ്യമാകാതെ വരുകയും ചെയ്യുമ്പോൾ എതിർകക്ഷികളായ ഗവൺമെന്റ് സെക്രട്ടറിയും, ചീഫ് എഞ്ചിനീയറും കോടതിയുടെ നിശിതമായ വിമർശനത്തിന് വിധേയരാകുകയും ചെയ്യുന്നു. കൂടാതെ പ്രസ്തുത സർട്ടിഫിക്കറ്റുകൾ ഏതാവശ്യത്തിനാണ് നൽകുന്നതെന്ന് അതിൽ വ്യക്തമായി സൂചിപ്പിക്കാറുമില്ല. ആയതിനാൽ താഴെ പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1) സി.എൽ.ആർ./എച്ച്.ആർ./എസ്.എൽ.ആർ. വിഭാഗത്തിൽപ്പെടുന്നവർ ജോലി ചെയ്തതു സംബന്ധമായ സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്ന പക്ഷം ജോലി ചെയ്തതായി തെളിയിക്കുന്ന ബന്ധപ്പെട്ട രേഖകൾ സഹിതം അതാത് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ അംഗീകാരം വാങ്ങിയ ശേഷം മാത്രം സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്.

2) സൂപ്രണ്ടിംഗ് എഞ്ചിനീയർ നൽകുന്ന അംഗീകാരത്തിന്റെ നമ്പറും തീയതിയും സർട്ടിഫിക്കറ്റിൽ ഇപ്രകാരം രേഖപ്പെടുത്തേണ്ടതാണ്. "This has the approval of the Superintending Engineer (vide his letter No. dated..........).

3) ഏത് ആവശ്യത്തിനാണ് അല്ലെങ്കിൽ ഏത് ഉദ്ദേശ്യത്തിലേക്കായാണ് സർട്ടിഫിക്കറ്റുകൾ നൽകുന്നത് എന്ന് സർട്ടിഫിക്കറ്റിൽത്തന്നെ സ്പഷ്ടമാക്കേണ്ടതാണ്.

4) സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തി നൽകുന്ന ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക വിലാസവും രേഖപ്പെടുത്തേണ്ടതാണ്.

5) സർട്ടിഫിക്കറ്റിന്റെ മുകളിൽ ഫയൽ നമ്പറും തീയതിയും രേഖപ്പെടുത്തേണ്ടതാണ്.

6) ഈ സർക്കുലർ തീയതി മുതൽ നൽകുന്ന സർട്ടിഫിക്കറ്റുകൾ മേല്പറഞ്ഞ വ്യവസ്ഥകൾ പാലിക്കാത്ത പക്ഷം ഈ വകുപ്പിന്റെ അംഗീകാരമുള്ള സർട്ടിഫിക്കറ്റുകളായി പരിഗണിക്കുന്നതല്ല. കൂടാതെ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ ഓഫീസിലും മറ്റ് ബന്ധപ്പെട്ട ഓഫീസുകളിലും സർട്ടിഫിക്കറ്റ് നല്കുന്നത് രേഖപ്പെടുത്തുവാൻ ഓരോ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഈ രജിസ്റ്ററിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ അംഗീകാരത്തിന്റെ നമ്പരും ഏത് ഉദ്ദേശ്യത്തിനാണ് സർട്ടിഫിക്കറ്റ് നൽകിയത് തുടങ്ങിയ കാര്യങ്ങളും സർട്ടിഫിക്കറ്റിന്റെ നമ്പരും തീയതിയും സർട്ടിഫിക്കറ്റ് നല്കുന്ന ഓഫീസറുടെ പേരും ഔദ്യോഗിക വിലാസവും രേഖപ്പെടുത്തേണ്ടതാണ്.

7) മേല്പറഞ്ഞ പ്രകാരമല്ലാതെ ഏതെങ്കിലും ഉദ്യോഗസ്ഥർ സർട്ടിഫിക്കറ്റ് നൽകുകയും തന്മൂലം സർക്കാരിന് സാമ്പത്തിക ബാധ്യതയോ മറ്റ് ഏത് തരത്തിലുള്ള പ്രയാസങ്ങളോ ബുദ്ധിമുട്ടുകളോ ഉണ്ടാക്കുകയും ചെയ്യുന്ന പക്ഷം പ്രസ്തുത ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയോ / അച്ചടക്ക നടപടിക്കായി സർക്കാരിന് ശുപാർശ ചെയ്യുകയോ ചെയ്യുന്നതാണ്. ഈ സർക്കുലർ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും താങ്കളുടെ അധികാര പരിധിയിലുള്ള ഓഫീസ് തലവൻമാർക്ക് അയച്ചുകൊടുക്കുകയും കൈപ്പറ്റു രേഖ വാങ്ങി സൂക്ഷിക്കുകയും ഈ ഓഫീസിൽ പകർപ്പ് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. ഈ വകുപ്പിന്റെ വെബ്സൈറ്റിലും ഇത് ലഭ്യമാക്കുന്നതാണ്.

ചീഫ് എഞ്ചിനീയർ

fc2